ഗ്രാമപഞ്ചായത്ത് ഓഫീസ്
മൈലപ്ര
തീയതി 27– 02 – 2026

## ആമുഖം

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2025–30 കാലയളവിലെ ഭരണസമിതി അധികാരമേറ്റതിനുശേഷമുള്ള ആദ്യത്തെ വാർഷികബജറ്റാണ് അവതരിപ്പിക്കുന്നത്. 2025–26 വാർഷികപദ്ധതി നിർവ്വഹണവും 2026–27 വാർഷികപദ്ധതി രൂപീകരണ പ്രവർത്തനങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. സമസ്ത മേഖലകളുടെയും സമഗ്ര വികസനം ഉറപ്പുവരുത്തുന്ന രീതിയിൽ കൃത്യമായ ലക്ഷ്യത്തോടെയും സാമ്പത്തികാസൂത്രണത്തോടെയുമാണ് അടുത്ത സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

പതിനാലാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്യുന്ന സുസ്ഥിര വികസനം ആർജ്ജിച്ചെടുക്കുന്നതിന് പ്രാദേശികവികസന പദ്ധതികളുടെ ആസൂത്രണവും നിർവഹണവും മോണിറ്ററിംഗും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേകശ്രദ്ധ നൽകുന്നതാണ്. സംസ്ഥാനസർക്കാർ ബജറ്റ് വിഹിതമായി അനുവദിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയും കേന്ദ്ര–ധനകാര്യകമ്മീഷൻ വിഹിതം, ഹെൽത്ത് ഗ്രാന്റ്, ബ്ലോക്ക് പഞ്ചായത്ത് – ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ, മറ്റ് എജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ, വായ്പകൾ തുടങ്ങി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന എല്ലാ വിഭവസ്രോതസുകളും ബജറ്റിൽ സംയോജിപ്പിച്ചിട്ടുണ്ട്.

ഉൽപ്പാദന–സേവനമേഖലകൾ, പ്രാദേശിക സാമ്പത്തികവികസനം എന്നിവയ്ക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഭിന്നശേഷിക്കാരുടെയും ഉന്നമനത്തിന് ബജറ്റിൽ പ്രത്യേക പരിഗണന നൽകിയിരിക്കുന്നു.

ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകള്, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയിലെ നിർദേശങ്ങളും ശുപാർശകളും ആവശ്യങ്ങളും പരിഗണിച്ച് വിവിധ ജനോപകാരപ്രദമായ പദ്ധതികൾ മികച്ച രീതിയില് ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതാണ്.

വികസനപ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാവരോടും ഈ അവസരത്തിൽ കൃതജ്ഞത രേഖപ്പെടുത്തുന്നു. ബജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും വാർഷികപദ്ധതി പ്രോജക്ടുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഭരണനിർവ്വഹണത്തിനും ഏവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

(ഒപ്പ്)
**വിൽസൺ തുണ്ടിയത്ത്**
**പ്രസിഡന്റ്, മൈലപ്ര ഗ്രാമപഞ്ചായത്ത്**

# വാർഷിക ബജറ്റ്

# 2026-27

[ ധനകാര്യസ്ഥിരം സമിതിയുടെ 18-02-2026 തീയതിയിലെ  തീരുമാനം നമ്പര് 2 പ്രകാരം അംഗീകരിച്ചത് ]

# ബജറ്റ് പ്രസംഗം


**ശോശാമ്മ ജോൺസൺ**

**വൈസ് പ്രസിഡന്റ്  &**

**ചെയർപേഴ്സൺ, ധനകാര്യസ്റ്റാന്റിംഗ്  കമ്മിറ്റി**

**മൈലപ്ര ഗ്രാമപഞ്ചായത്ത്**

ബഹുമാന്യരെ ,

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ വികസന–ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതും സമസ്ത മേഖലകളെയും പരിഗണിക്കുന്നതുമായ 2026–27 സാമ്പത്തിക വർഷത്തെ ബജറ്റ് അഭിമാനപുരസരം അവതരിപ്പിക്കുകയാണ്. അനവധി വികസന സാധ്യതകൾ ഉള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായ എല്ലാ വിഭവ സ്രോതസുകളും ഉപയോഗപ്പെടുത്തി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.. അടിസ്ഥാനസൌകര്യ വികസനത്തിനും ഉൽപ്പാദന മേഖലയുടെ പുരോഗതിക്കും വികസന പദ്ധതികളിൽ പ്രഥമ പരിഗണന നൽകിയിട്ടുണ്ട്.

അശരണരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് ആശ്വാസം എത്തിക്കുന്നതിനും ഉള്ള വിവിധ പദ്ധതികൾ 2026–27 വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്ത് രൂപീകരിച്ച് വരുന്നു. ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസനസെമിനാർ തുടങ്ങിയവയിലൂടെ അനവധി ആവശ്യങ്ങളും നിർദേശങ്ങളുമാണ് ഉയർന്നു വന്നത്. തനത് ഫണ്ട് കുറവുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഫണ്ടുകളുടെ ലഭ്യതയും ആവശ്യവും തമ്മിലുള്ള അന്തരം വലുതാണ്. എങ്കിലും വ്യക്തമായ സാമ്പത്തിക ആസൂത്രണത്തിലൂടെയും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെയും പരിമിതികളെ മറികടക്കാൻ സാധിക്കുമെന്ന ശുഭപ്രതീക്ഷയാണ് നമുക്കുള്ളത്

2026–27 സാമ്പത്തിക വർഷത്തെ ബജറ്റിൽ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ വിഹിതം , ഹെൽത്ത് ഗ്രാന്റ്, ജില്ലാ പഞ്ചായത്ത്–ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ , കേന്ദ്ര- സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങള്, വായ്പകൾ, ഗുണഭോക്തൃവിഹിതം തുടങ്ങിയ വിവിധ വിഭവസ്രോതസുകൾ സംയോജിപ്പിച്ച് വിവിധ വികസന–ക്ഷേമപദ്ധതികളിൽ വകയിരുത്തിയിരിക്കുന്നു. വിവിധ മേഖലകളുടെ സന്തുലിത വികസനവും അടിസ്ഥാന സൌകര്യവികസനവും ഉറപ്പാക്കുന്ന പദ്ധതികൾ രൂപീകരിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. ഓരോ മേഖലയിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതികള് ചുവടെ ചേർക്കുന്നു

1. **കൃഷിയും അനുബന്ധമേഖലകളും**

ഒരു നാടിന്റെ സമഗ്ര വികസനം കാർഷിക മേഖലയിലൂടെ ആരംഭിക്കേണ്ടതാണെന്ന കാഴ്ചപ്പാടിലൂന്നി വിവിധ കാർഷിക പ്രോത്സാഹന പദ്ധതികൾ വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. വാഴകൃഷി, ഇഞ്ചികൃഷി, തെങ്ങുകൃഷി, കുരുമുളക് കൃഷി, കശുമാവ് കൃഷി തുടങ്ങിയ പദ്ധതികൾക്കായി 9,00,000 രൂപ വകയിരുത്തുന്നു. കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വെല്ലുവിളിയായ വന്യജീവികളുടെ ശല്യത്തിന് തടയിടുന്നതിനായും കാർഷിക വിളകളെ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനുമായി കൃഷിയിടങ്ങളിൽ സംരക്ഷണ കവചനിർമ്മാണം എന്നപേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് വികസനഫണ്ട്, ബ്ലോക്ക്–ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടെ ആകെ 5,00,000 രൂപ വകയിരുത്തുന്നു. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തില് നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര പച്ചക്കറി വികസന പദ്ധതി അടുത്ത വർഷവും കൂടുതല് സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിനും അതുവഴി പച്ചക്കറി ഉൽപാദനത്തില് സ്വയം പര്യാപ്തതയിലേക്ക് ഗ്രാമത്തെ എത്തിക്കുന്നതിനുമാണ് നാം ലക്ഷ്യമിടുന്നത്. സംയുക്ത പദ്ധതിയായി നടപ്പിലാക്കുന്ന ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം പ്രോജക്ടിന് 3,00,000 രൂപ വകയിരുത്തുന്നു.

തരിശായി കിടക്കുന്ന സ്ഥലങ്ങള് കൃഷിക്ക് ഉപയുക്തമാക്കി സബ്സിഡിയും മറ്റ് പ്രോത്സാഹന നടപടികളും മുഖേന കാർഷിക മേഖലയുടെ പുത്തന് ഉണർവിന് ഉതകുന്ന പദ്ധതികള് രൂപീകരിച്ച് നടപ്പിലാക്കുന്നതാണ്. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി '***ചോരയ്ക്ക് ചീര***' എന്ന പേരിൽ ചീരകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി

നടപ്പിലാക്കുന്നതാണ്. വിവിധ വാർഡുകളില നേതൃത്വത്തില് തരിശുഭൂമിയില് ഗ്രൂപ്പ് ഫാമിംഗ് മുഖേന കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക സ്വയം പര്യാപ്തതയിലേക്ക് നമ്മുടെ നാടിനെ എത്തിക്കുന്നതിനുമുള്ള പദ്ധതികള് കാർഷിക വകുപ്പിന്റെ സഹകരണത്തോടെ എറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കാർഷികവിഭവങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സ്ഥിരം സംവിധാനം കുടുംബശ്രീയുടെ സഹകരണത്തോടെ ഏർപ്പെടുത്തുന്നതിനും അതുവഴി കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും കാർഷിക മേഖലയില് വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴില്അവസരങ്ങൾ സൃഷ്ടിക്കുന്നതിനും 2,00,000 രൂപ വകയിരുത്തുന്നു.

. ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾക്കൊപ്പം ജൈവകൃഷിരീതികളും ഭക്ഷ്യയോഗ്യവും സുരക്ഷിതവുമായ ഭക്ഷ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും ബജറ്റില് സവിശേഷപരിഗണന നൽകുന്നു. ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക കൃഷി രീതികള് വ്യാപകമായി പരീക്ഷിക്കുന്നതിനും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങള് ലഭ്യമാക്കുന്നതിനും നടപടികള് സ്വീകരിക്കുന്നതാണ്. യുവകർഷകരെ കൃഷിയിലേക്ക് കൂടുതലായി ആകർഷിക്കുന്നതിനും കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഇടവിളകൃഷിക്കും ആവശ്യമായ സഹായം വാർഷികപദ്ധതിയിലും ഡിപ്പാർട്ട്മെൻറ് മുഖേനയും നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നമ്മുടെ പരിധിയിൽ സ്ഥലസൌകര്യമുള്ള എല്ലാ സ്കൂളുകളിലും അംഗൻവാടികളിലും പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധസസ്യത്തോട്ടം എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

2. <u>മൃഗസംരക്ഷണം ക്ഷീരവികസനം</u>

പ്രദേശിക സാമ്പത്തിക വികസനം സാധ്യമാകുന്ന രീതിയിൽ ക്ഷീരവികസന മേഖലയിൽ കൂടുതൽ തുക വകയിരുത്തുന്നതിന് ബജറ്റ് പരിഗണന നല്കിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് പ്രോത്സാഹനത്തിനായി തീറ്റപുൽകൃഷിക്ക് സബ്സിഡി നൽകുന്നതിനായി 2,00,000 രൂപ ബജറ്റില് വകയിരുത്തുന്നു. സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി 1,00,000 രൂപ ബജറ്റിൽ വകയിരുത്തുന്നു. ആട് വളർത്തല്, കറവപശു വളർത്തല്, മുട്ടക്കോഴി വളർത്തല്, താറാവ് വളർത്തല് എന്നീ പദ്ധതികൾക്കായി വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടെ ആകെ 16,00,000 രൂപ ബജറ്റില് വകയിരുത്തുന്നു. മൃഗാശുപത്രിക്ക് മരുന്നുവാങ്ങല്, എ.ബി.സി പ്രോഗ്രാം, പേവിഷനിർമ്മാർജ്ജനം, കാലിത്തൊഴുത്ത് നിർമ്മാണം വാക്സിനേഷന് പദ്ധതികൾക്കായി 3,00,000 രൂപ ബജറ്റിൽ വകയിരുത്തുന്നു.

<u>3. പ്രാദേശിക സാമ്പത്തിക വികസനം – തൊഴിൽ സംരഭങ്ങൾ</u>

പ്രാദേശിക സാമ്പത്തിക വികസനത്തിനും തൊഴിലില്ലാഴ്മ പരിഹരിക്കുന്നതിനും പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കി നടപടികള് സ്വീകരിക്കുന്നതാണ്. എന്റെ സംരഭം നാടിന്റെ അഭിമാനം എന്ന പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ സഹകരണത്തോടെ ഒരു ഇന്റേണിന്റെ സേവനം നമ്മുടെ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കി വരുന്നു. പ്രത്യക പരിശീലനം ലഭിച്ച ഇന്റേണുകൾ വിവിധ സംരഭക പദ്ധതികൾ, മാർജിൻ മണി ഗ്രാന്റുകൾ സംരഭക വായ്പാ സ്കീമുകൾ, അനുമതികൾ എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തി വരുന്നു.

തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിനും പുതിയ സംരഭങ്ങൾ തുടങ്ങുന്നതിനുള്ള സേവനങ്ങൾ ഹെൽപ്പ്ഡെസ്ക് വഴി നൽകിവരുന്നു. സംരഭം നിലവിൽ ഉള്ളവർക്കും

തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും വിവിധ പദ്ധതികൾ പരിചയപ്പെടുത്തുന്നതിനും സംരംഭകരുടെ വെല്ലുവിളികളും ആവശ്യങ്ങളും അറിയുന്നതിനും സംരംഭകരുടെ ഫീഡ്ബാക്ക് രേഖപ്പെടുത്താൻ സഹായിക്കുന്നതുമായ എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിന് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹകരണത്തോടെ 2026-27 സാമ്പത്തിക വർഷം നടത്തുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകുന്ന കൂടുതല് സംരംഭങ്ങള് ഉണ്ടാകേണ്ടതിന്റെ ആവശ്യകത മനസിലാക്കി സംരംഭങ്ങൾക്ക് എല്ലാ പ്രോൽസാഹനവും പിന്തുണയും ഗ്രാമപഞ്ചായത്ത് തുടർന്നും നൽകുന്നതാണ്.

സ്വയംതൊഴില് സംരംഭമായി തയ്യൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം, വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം, വിജ്ഞാനകേരളം-നൈപുണ്യപരിശീലനം, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകള് തുടങ്ങി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന സംരംഭങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനവും നൽകുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതികൾക്ക് 8,00,000 രൂപ ബജറ്റില് വകയിരുത്തുന്നു.

## 4 <u>വിദ്യാഭ്യാസം, കലാ – സാംസ്കാരികമേഖലകൾ</u>

പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രോത്സാഹനത്തിനായി സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നാം നടത്തിവരുന്നു. അനിവാര്യ പ്രോജക്ടായ സർവ്വശിക്ഷാ അഭിയാന് വിഹിതമായി 50,000 രൂപ ബജറ്റിൽ വകയിരുത്തുന്നു. പഠനത്തിലും കലാ കായിക മേഖലകളിലും മികച്ച വിജയം നേടുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് **മികവിന് ആദരവ്** എന്ന പേരില് പ്രത്യേക പരിപാടി പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കലാകായിക പരിശീലനം, ബാലസഭ പ്രവർത്തനങ്ങൾക്കായി 1,50,000 രൂപ ബജറ്റില് വകയിരുത്തുന്നു.

## 5. <u>യുവജനക്ഷേമം – സ്പോർട്സ്</u>

2026-27 കാലയളവില് അഭ്യസ്തവിദ്യരായ ആളുകൾക്ക് തൊഴില് പരിശീലനവും മൽസരപരീക്ഷകൾക്കുള്ള പരിശീലനവും നൽകുന്നതിന് വിവിധ പ്രവർത്തനങ്ങൾക്കായി 1,00,000 രൂപ വകയിരുത്തുന്നു. കൂടാതെ തൊഴിൽ അന്വേഷകരെയും തൊഴില് ദാതാക്കളെയും സംഘടിപ്പിച്ച് തൊഴില് മേളകള് ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. യുവജനങ്ങളുടെ കലാ കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ വർഷംതോറും സംഘടിപ്പിക്കുന്ന കേരളോത്സവം അനുബന്ധ ചെലവുകൾക്കായി 50,000 രൂപ വകയിരുത്തുന്നു.

## <u>6. ആരോഗ്യം</u>

ജനങ്ങളെ കടുത്ത സമ്മർദ്ദത്തിലാക്കിയ കോവിഡ് എന്ന മഹാമാരിയെ നമ്മുടെ ആരോഗ്യമേഖലയുടെ കരുത്തുകൊണ്ടും ഒരുമിച്ച പ്രവർത്തനത്തിലൂടെയും മറികടക്കുന്നതിന് നമുക്ക് സാധിച്ചു. കഴിഞ്ഞകാലത്തിന്റെ അനുഭവങ്ങൾ തിരിച്ചറിഞ്ഞ് കൂടുതൽ കരുത്തോടെ നാം മുന്നേറേണ്ടത് ആരോഗ്യ രംഗത്ത് അനിവാര്യമായി വന്നിരിക്കുന്നു. ജിവിതശൈലീ രോഗങ്ങള് പ്രതിരോധിക്കുന്നതിനും ആരോഗ്യരംഗത്ത് ചികിത്സാ സൌകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മരുന്നും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമായി

ആകെ 12,00,000 രൂപ വകയിരുത്തുന്നു. നമ്മുടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന അശരണരും നിരാലംബരുമായ കിടപ്പുരോഗികൾക്ക് ആശ്വാസവും സഹായവുമാകുന്ന പാലിയേറ്റീവ് പരിചരണം പദ്ധതി **സാന്ത്വനം – പാലിയേറ്റീവ് കെയര്** എന്ന പേരിൽ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്നതാണ്. 2026–27 കാലയളവിൽ വികസനഫണ്ട് 7,00,000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 3,00,000 രൂപ ഉൾപ്പെടെ ആകെ 10,00,000 രൂപ പാലിയേറ്റീവ് കെയര് പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു..

ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപങ്ങളില് രോഗനിർണ്ണയ സൊകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആശുപത്രി ഉപകരണങ്ങൾ, റീഏജന്റുകൾ, പരിശോധന കിറ്റുകൾ, കെട്ടിടം ഉൾപ്പെടെ അടിസ്ഥാന സൌകര്യങ്ങൾ, അനുബന്ധ സൌകര്യങ്ങൾ, സ്റ്റാഫ് പരിശീലനം, ബോധവൽക്കരണ പ്രവർത്തനങ്ങള് തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ആരോഗ്യ കേന്ദ്രങ്ങളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായി നോൺറോഡ് ഫണ്ടില് നിന്നും 5,00,000 രൂപ വകയിരുത്തുന്നു. ആയുർവേദ ഡിസ്പെൻസറി ഡിപ്പാർട്ട്മെന്റ് സഹകരണത്തോടെ ആയുഷ് വകുപ്പിന്റെ മാനദണ്ഡപ്രകാരമുള്ള സൌകര്യം ഏർപ്പെടുത്തി അക്രഡിറ്റേഷന് ലഭ്യമാക്കുന്നതിനും മാതൃകാ ആയുർവേദ ഡിസ്പെൻസറിയായി ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## 7. കുടിവെള്ളം

കുടിവെള്ളത്തിന്റെ ലഭ്യത നാൾക്കുനാൾ കുറവായി വരികയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കുടിവെള്ള ക്ഷാമം നേരിടുന്നവർക്ക് ടാങ്കറില് കുടിവെള്ള വിതരണം നടത്തുന്നതിനായി 5,00,000 രൂപ ബജറ്റില് വകയിരുത്തുന്നു. കിണര് ചുറ്റുമതില് നിർമ്മാണം, കിണർ റീചാർജ്ജിംഗ് എന്നീ പദ്ധതികൾക്കായി 2,00,000 രൂപ ബജറ്റില് വകയിരുത്തുന്നു. പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കുന്നതിന് 8,00,000 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നു. MGNREGS വാർഷിക കർമ്മ പദ്ധതിയില് വിവിധ തോടുകളുടെ നവീകരണത്തിനായി 7,00,000 രൂപ വകയിരുത്തുന്നു.

## 8. ദാരിദ്ര്യ ലഘൂകരണം

സമൂഹത്തിലെ ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി 2.0 യ്ക്ക് ബജറ്റില് പ്രത്യേക പരിഗണന നൽകുന്നു. നിരാലംബരായ അതിദരിദ്ര കുടുംബങ്ങളെ തുടർന്നും പരിരക്ഷിക്കുന്നതിന് ആവശ്യമായ ഭക്ഷണം, ആരോഗ്യ പരിരക്ഷ , വാസയോഗ്യമായ പാർപ്പിടം, മറ്റ് ഉപജീവന സൌകര്യങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി പ്രവർത്തനങ്ങള് നടത്തുന്നതാണ്. അതിദാരിദ്ര്യത്തിൽ കഴിയുന്ന ഈ കുടുംബങ്ങളുടെ അതിജീവനത്തിനും ഉപജീവനത്തിനും ഗാർഹികതല മൈക്രോലെവൽ പദ്ധതികൾ ആവിഷ്കരിച്ച് തുടർന്നും നടപ്പിലാക്കുന്നതാണ്. അതിദരിദ്രർക്കായി തയ്യാറാക്കിയ മൈക്രോപ്ലാനില് നിർണയിച്ചിട്ടുള്ള ക്ലേശഘടകങ്ങള് ലഘൂകരിക്കാന് ഉതകുന്ന പദ്ധതികൾക്കായി 2026–27 വാർഷിക ബജറ്റില് 2,00,000 രൂപ വകയിരുത്തുന്നു.

## 9. സാമൂഹ്യക്ഷേമം – ശിശു വികസന പദ്ധതികൾ

പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടികളുടെ മികവുറ്റ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്. കെട്ടിടം നിർമ്മാണം, അറ്റകുറ്റപ്പണികൾ,

വയറിംഗ്, വാട്ടർ കണക്ഷന്, ഫർണിച്ചറുകള്, മറ്റ് ഉപകരണങ്ങള് വാങ്ങല്, എന്നീ പദ്ധതികൾക്കായി 10,00,000 രൂപ വകയിരുത്തുന്നു.

അംഗൻവാടിപോഷകഹാര പദ്ധതിക്കായി വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ജില്ലാ പഞ്ചായത്ത് വിഹിതം – കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം ഉൾപ്പെടെ 12,00,000 രൂപ വകയിരുത്തുന്നു. സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്ന ജെന്റർ റിസോഴ്സ് സെന്റർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ സേവനം നൽകി വരുന്നു. പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്

### 10. ഭിന്നശേഷിയുള്ളവരുടെ ക്ഷേമം

ഭിന്നശേഷി വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഓരോ വർഷവും വിവിധ പദ്ധതികള് നടപ്പിലാക്കിയിട്ടുണ്ട്. 2026–27 വർഷത്തിലും ബ്ലോക്ക്– ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ സംയോജിപ്പിച്ച് സ്കോളർഷിപ്പ് പദ്ധതിക്കായി 6,00,000 രൂപ വകയിരുത്തുന്നു. ഭിന്നശേഷി കുട്ടികൾക്ക് മാനസിക ഉല്ലാസവും പിന്തുണയും നൽകുന്നതിനായി ഈ വർഷവും കലോൽസവം സംഘടിപ്പിക്കുന്നതാണ്. വിനോദയാത്ര, കൌൺസലിംഗ് എന്നിവ ഉൾപ്പെടെ സംയോജിപ്പിച്ച് പരിപാടി നടപ്പിലാക്കുന്നതിന് 1,00,000 രൂപ വകയിരുത്തുന്നു.

### 11. വയോജന ക്ഷേമം

വയോജനങ്ങളെ സംരക്ഷിക്കേണ്ട കടമയും അവർക്കായി ഫലപ്രദമായ പദ്ധതികള് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും നമുക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ് വികസനഫണ്ടിന്റെ 5 ശതമാനം തുക വയോജനക്ഷേമത്തിനും പാലിയേറ്റീവ് കെയറിനുമായി നാം നീക്കിവച്ചിട്ടുള്ളതാണ്. വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള പദ്ധതിക്കായി 4,00,00 രൂപ വകയിരുത്തുന്നു.

### 12. പട്ടികജാതി ക്ഷേമം

പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക പരിഗണന നൽകുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലൈഫ് ഭവനപദ്ധതി, ഭവനപുനരുദ്ധാരണം, Easy kitchen, വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, സ്കോളർഷിപ്പ് തുടങ്ങിയ വിവിധ പദ്ധതികൾക്കായി 24,00,000രൂപ വകയിരുത്തുന്നു.

### 13. വനിതാ വികസന പദ്ധതികൾ

വികസനഫണ്ടിന്റെ 10 ശതമാനം തുകയായ 14,56,120 രൂപയിലധികം വിവിധ വനിതാക്ഷേമ പ്രോജക്ടുകൾക്കായി ബജറ്റില് വകയിരുത്തിയിരിക്കുന്നു. പച്ചക്കറി കൃഷി, വാഴക്കൃഷി, മുട്ടക്കോഴി വളർത്തല്, പശു വളർത്തല്, ജെന്റര് റിസോഴ്സ് പ്രവർത്തനം, കുടുംബശ്രീ സൂക്ഷ്മ സംരഭങ്ങൾക്ക് സഹായം തുടങ്ങിയ വിവിധ പ്രോജക്ടുകള് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ബജറ്റില് തുക വകയിരുത്തുന്നു.

### 14 . പാർപ്പിട മേഖല ഭവനപദ്ധതി ഭവനപുനരുദ്ധാരണ പദ്ധതികൾ

ഗ്രാമപഞ്ചായത്തിലെ അർഹരായ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ ഭാഗമാകുന്നതിന് ഉതകുന്ന സുരക്ഷിത വീടുകൾ നൽകുക എന്ന

ഉദ്ദേശത്തോടെയാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത്. ജനറൽ 19,00,000 രൂപ, പട്ടികജാതി 30,00,000 രൂപ ഹഡ്കോ വായ്പ- 10,00,000 രൂപ എന്നിവ പാർപ്പിടമേഖലയ്ക്കായി വകയിരുത്തുന്നു. സമൂഹത്തിൽ അവശത അനുഭവിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് തങ്ങളുടെ വീട് പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭവനപുനരുദ്ധാരണം പദ്ധതിക്ക് ബജറ്റിൽ 22,00,000 രൂപ വകയിരുത്തുന്നു.

<u>15 . സദ്ഭരണം-കമ്പ്യൂട്ടർവൽക്കരണം - ഓൺലൈൻസേവനങ്ങൾ</u>

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും സേവനങ്ങൾക്ക് സുതാര്യതയും കാര്യക്ഷമതയും ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച K SMART ( Kerala Solution for Managing Administrative Reformation and Transformation) 2025 ഏപ്രിൽ 1 മുതല് നമ്മുടെ ഗ്രാമപഞ്ചായത്തിലും ആരംഭിക്കുന്നതിനും ഫലപ്രദമായി തുടരുന്നതിനും സാധിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് സംതൃപ്തമായ സേവനം ഓഫീസില് വരാതെ തന്നെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതും ഇഗവേണൻസിന്റെ അനന്തസാധ്യതകള് പരമാവധി ഉപയോഗപ്പെടുത്തുന്നതും മികച്ച ഭരണം സാധ്യമാക്കുന്നതുമായ ഏകീകൃത വെബ് അധിഷ്ഠിത പ്ലാറ്റ് ഫോമാണ് കെ-സ്മാർട്ട്. ഓഫീസ് പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങള്, കമ്പ്യൂട്ടർവൽക്കരണത്തിന്റെ മെച്ചപ്പെടുത്തൽ എന്നിവ നടത്തുന്നതിന് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരികയാണ്. ഡിജിറ്റല് യുഗത്തില് പണമിടപാടുകൾ പൂർണ്ണമായും ക്യാഷ് ലെസ് ആക്കുന്നതിനും പൊതുജനങ്ങൾക്ക് പേയ്മെന്റുകള് സൌകര്യപ്രദമായും വേഗത്തിലും നടത്തുന്നതിന് UPI അധിഷ്ഠിത പേയ്മെൻറ് സംവിധാനവും ഇ പോസ് മെഷീനുകളും നമ്മുടെ ഗ്രാമപഞ്ചായത്തില് ഉപയോഗിച്ചുവരുന്നു. ഓഫീസ് പ്രവർത്തനത്തിന്റെ നിലവാരം ഉയർത്തുന്ന ഐ.എസ്.ഓ റീസർട്ടിഫിക്കേഷന് പ്രവർത്തനങ്ങൾക്കായി 50,000 രൂപ വകയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൌതിക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കംപ്യൂട്ടര് പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീന് , റീവയറിംഗ്, കംപ്യൂട്ടർ നെറ്റ് വർക്കിംഗ്, റിക്കാർഡ് റൂം , ക്യാബിന് സൌകര്യങ്ങൾ, ജനറേറ്റർ , ഫ്രണ്ട് ഓഫീസിലേക്ക് റ്റി വി വാങ്ങൽ , പുതിയ വാട്ടർ ടാങ്ക് സ്ഥാപിക്കൽ, മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 10,00,000 രൂപ വകയിരുത്തുന്നു.

16 . <u>അടിസ്ഥാന സൌകര്യവികസന പദ്ധതികൾ - പൊതുമരാമത്ത് , ഊർജ്ജം</u>

റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും, അംഗൻവാടികള് ഉൾപ്പെടെയുള്ള പൊതുകെട്ടിടങ്ങളുടെ അടിസ്ഥാന സൌകര്യങ്ങള് മെച്ചപ്പെടുത്തുന്നതിനും ഗ്രാമസഭകളിലൂടെയും വർക്കിംഗ് ഗ്രൂപ്പുകളിലൂടെയും ലഭിച്ച നിർദേശങ്ങൾ പരിഗണിച്ചും ലഭ്യമായ ഫണ്ടുകൾ വിനിയോഗിച്ചും 2026-27 സാമ്പത്തിക വർഷം വികസനഫണ്ട്, ധനകാര്യകമ്മീഷന് അവാർഡ്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലായി 1,30,00,000 രൂപ വകയിരുത്തുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ട്രീറ്റ്ലൈറ്റുകളിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കും സാമഗ്രികൾ വാങ്ങുന്നതിനും 6,00,000 രൂപ വകയിരുത്തുന്ന

*17 .<u>നിർമ്മലഗ്രാമം-ശുചിത്വസുന്ദരഗ്രാമം-മാലിന്യസംസ്കരണ പദ്ധതികൾ</u>*

*മാലിന്യ മുക്ത ഗ്രാമം എന്ന ലക്ഷ്യം മുൻനിർത്തി ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ സംസ്കരണ പദ്ധതികള് നടപ്പിലാക്കുന്നതിന് 500,000 രൂപ*

*വാർഷിക ബജറ്റില് വകയിരുത്തുന്നു. കുടുംബശ്രീയുടെ സഹകരണത്തോടെ ഹരിതകർമ്മസേനയുടെ ജൈവ അജൈവ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് എല്ലാവിധ സഹായവും തുടർന്നും നൽകുന്നതാണ്.*

*മാലിന്യങ്ങള് വലിച്ചെറിയുന്നത് തടയുന്നതിന് പ്രധാന സ്ഥലങ്ങളില് CCTV സ്ഥാപിച്ച് നിരീക്ഷണം കർശനമാക്കുന്നതാണ്. മാലിന്യസംസ്കരണത്തിന് ജിബിന് യൂണിറ്റുകൾ, സബ്സിഡിയോടെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്നതിനായി 3,00,000 രൂപ വകയിരുത്തുന്നു. എം.സി എഫ് അനുബന്ധ സൌകര്യങ്ങൾക്കായി 2,00,000 രൂപ വകയിരുത്തുന്നു..*

*നമ്മുടെ മാലിന്യം നമ്മുടെ ഉത്തരവാദിത്വം എന്ന് എല്ലാവരും തിരിച്ചറിയണം. പരിസരവും ജലവും മാത്രമല്ല വായുപോലും മലിനമായി നാളത്തെ തലമുറ ഇവിടെ ജീവിക്കാനാവാതെ കഷ്ടപ്പെടുന്ന സ്ഥിതി ഇല്ലാതാക്കാനും നാടിനെയും പ്രകൃതിയെയും സംരക്ഷിക്കാൻ പണിപ്പെടുന്ന ഹരിതകർമ്മസേനയ്ക്ക് എല്ലാവിധ പിന്തുണയും സഹായവും തുടർന്നും നൽകുന്നതാണ്. സമ്പൂർണ്ണശുചിത്വക്യാമ്പയിന്റെ ഭാഗമായി ബോധവൽക്കരണവും എൻഫോഴ്സ്മെന്റും കൂടുതല് ശക്തിപ്പെടുത്തുന്നതാണ്.*

*18* **ശബരിമല തീർത്ഥാടകർക്ക് താൽക്കാലിക വിശ്രമകേന്ദ്രം**

ലക്ഷകണക്കിന് ശബരിമല തീർത്ഥാടകരാണ് ഉത്സവകാലയളവിൽ നമ്മുടെ പഞ്ചായത്ത് പരിധിയിലൂടെ എല്ലാ വർഷവും യാത്ര പോകുന്നത്. തീർത്ഥാടകർക്ക് സൌകര്യപ്രദമാകുന്ന രീതിയില് ഒരു താൽക്കാലിക വിശ്രമകേന്ദ്രം ഉചിതമായ സ്ഥലം കണ്ടെത്തി അടുത്ത സീസണ് കാലയളവിൽ ആരംഭിക്കുന്നതിനും ആവശ്യമായ തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

19 . **ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം**

സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ അനുവദിച്ച 1 കോടി രൂപ വകയിരുത്തിയതും 5 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കുന്നതുമായ മണ്ണാറക്കുളഞ്ഞി മാർക്കറ്റ് കോമ്പൌണ്ടിലെ ആധുനിക ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണത്തിന്റെ പ്രാഥമിക നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. വിശദമായ എസ്റ്റിമേറ്റ്, മറ്റ് അനുമതികൾ തുടങ്ങിയവ ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിന് തുടർനടപടികൾ ഭരണസമിതി നേതൃത്വത്തിൽ സ്വീകരിക്കുന്നതാണ്.

20 **തൊഴിലുറപ്പ പദ്ധതി**

മൈലപ്ര ഗ്രാമപഞ്ചായത്തില് 2026-27 സാമ്പത്തിക വർഷത്തേക്ക് 55432 തൊഴില് ദിനങ്ങൾ സൃഷ്ടിക്കത്തക്കവിധത്തില് തയ്യാറാക്കിയ 2,74,90,500 രൂപയുടെ ലേബര് ബജറ്റിന് അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. സാധനവിഹിതം 1,23,05,904 രൂപയും വേതനവിഹിതം 1,84,58,856 രൂപയും ഉൾപ്പെട്ട വാർഷിക കർമ്മപദ്ധതി പ്രവൃത്തികള് നടപ്പിലാക്കുന്നതാണ്. പരമ്പരാഗത ജലസ്രോതസുകളായ നീരുറവകളും തോടുകളും കളങ്ങളും സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകി പ്രവൃത്തികള് അടിയന്തിര പ്രാധാന്യത്തോടെ നടത്തുന്നതാണ്. ജലസ്രോതസുകള് മാലിന്യങ്ങൾ നീക്കം ചെയ്ത് പുനരുജ്ജീവിപ്പിക്കുന്നതിനും നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിനും കൃഷിക്കും ജലസേചനത്തിനും ഉപയുക്തമാക്കുന്ന പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ബഹുജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതാണ് .

ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനവും ജനക്ഷേമവും ഉറപ്പാക്കുന്നതും ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയതുമായ 2026-27 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റിൽ **21,32,836** രൂപ മുൻബാക്കിയും **11,26,48,500** വരവും **11,66,79,589** രൂപ ആകെ വരവും **11,49,63,000** രൂപ ചെലവും **17,16,589** രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്നു. ബജറ്റ് ഭരണസമിതിയുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി സമർപ്പിക്കുന്നു.

**************************************************************************************

## ഉപസംഹാരം

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് വിവിധ ഘടക സ്ഥാപനമേധാവികൾ, നിർവഹണഉദ്യോഗസ്ഥർ, ആസൂത്രണസമിതി, പ്രവർത്തന കമ്മിറ്റികൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, തുടങ്ങിയവയുടെ നിർദേശങ്ങൾ പരിഗണിച്ചും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 പ്രകാരവും അക്കൌണ്ട്സ് ചട്ടങ്ങൾ പാലിച്ചും ബജറ്റ് മാന്വൽ നടപടി ക്രമങ്ങൾ പ്രകാരവും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതാണ്.

ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനപദ്ധതികൾക്കാണ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഉൽപാദന സേവന മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുന്നതും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നത് ലക്ഷ്യമിടുന്നതുമായ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയവയിലൂടെ അനവധി ആവശ്യങ്ങളും നിർദേശങ്ങളുമാണ് ഉയർന്നു വരുന്നത്. ഫണ്ടുകളുടെ ലഭ്യതയും ആവശ്യവും തമ്മിലുള്ള അന്തരം വലുതാണ്. എങ്കിലും വ്യക്തമായ സാമ്പത്തിക ആസൂത്രണത്തിലൂടെയും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെയും നികുതി-നികുതിയേതര വരുമാനങ്ങൾ 100% പിരിച്ചെടുത്തും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിയും പരിമിതികളെ മറികടക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യവികസനത്തിനും സേവനനിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾക്ക് ബജറ്റിൽ ഊന്നല് നൽകിയിട്ടുണ്ട്. ഇ-ഗവേണൻസിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി അതിവേഗം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ പൊതുജനങ്ങൾക്ക് കാര്യക്ഷമവും ഗുണമേൻമയുള്ളതുമായ സേവനം പരമാവധി വേഗത്തിൽ ലഭ്യമാക്കി സദ്ഭരണം സാധ്യമാക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു.

2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ വികസനഫണ്ട് , മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ വിഹിതം , ഹെൽത്ത് ഗ്രാന്റ്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, കേന്ദ്രസംസ്ഥാനാവിഷ്കൃതപദ്ധതി വിഹിതങ്ങള്, വായ്പകൾ ഗുണഭോക്തൃവിഹിതം തുടങ്ങി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിവിധ വിഭവസ്രോതസുകൾ വികസന-ക്ഷേമപദ്ധതികളിലായി സംയോജിപ്പിച്ച് വകയിരുത്തിയിരിക്കുന്നു.

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനവും ജനക്ഷേമവും ലക്ഷ്യം വെച്ച് തയ്യാറാക്കിയ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയ 2026-27 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റ് ഭരണസമിതിയുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി സമർപ്പിക്കുന്നു.

(ഒപ്പ്)

**ശോശാമ്മ ജോൺസൺ**

**വൈസ് പ്രസിഡന്റ് &**

**ചെയർപേഴ്സൺ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി**

**മൈലപ്ര ഗ്രാമപഞ്ചായത്ത്**

# Mylapra Grama Panchayat Office

# Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Opening Balance** | | **14384795** | **7303499** |
| | **Revenue Receipt - 1** | | | |
| | **Tax Revenues - 110** | | | |
| 1 | 1100101 Property Tax (General) | | 5500000 | 6200000 |
| 2 | 1101001 Profession Tax – Employees | | 800000 | 900000 |
| 3 | 1101002 Profession Tax - Traders/ Institutions | | 200000 | 300000 |
| | **Total Tax Revenues** | | **6500000** | **7400000** |
| | **Fees and User Charges - 140** | | | |
| 4 | 1401001 Private Hospital & Paramedical Institutions Registration Fee | | 0 | 1000 |
| 5 | 1401002 Tutorial College Registration Fee | | 0 | 1000 |
| 6 | 1401099 Other Empanelment & Registration Charges | | 3000 | 3000 |
| 7 | 1401101 License Fees for IFTEOS | | 100000 | 180000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 8 | 1401106 License Fees for Domestic Dogs | | 3000 | 5000 |
| 9 | 1401199 Other Licensing Fees | | 0 | 3000 |
| 10 | 1401201 Fees for Construction of Buildings | | 500000 | 800000 |
| 11 | 1401203 Permit Application fee | | 50000 | 50000 |
| 12 | 1401301 Fees for Birth & Death Certificate | | 1000 | 1500 |
| 13 | 1401302 Fees for Delayed Registration - Birth & Death | | 5000 | 5000 |
| 14 | 1401303 Fees for Marriage Certificate | | 10000 | 10000 |
| 15 | 1401305 Fee for Non Availability Certificate | | 1000 | 1000 |
| 16 | 1401399 Fees for Other Certificates or Extracts | | 6000 | 6000 |
| 17 | 1401401 Fees under RTI Act | | 10000 | 10000 |
| 18 | 1401701 Regularization Fees | | 400000 | 700000 |
| 19 | 1401702 Regularization Fees for Unauthorised Construction | | 50000 | 50000 |
| 20 | 1401801 Application Fee | | 10000 | 10000 |
| 21 | 1402001 Penal Interest | | 70000 | 70000 |
| 22 | 1402003 Other Penalities and Fines | | 50000 | 50000 |
| 23 | 1402005 Fine for Dumping Waste | | 50000 | 50000 |
| 24 | 1402006 Fine imposed by Health Authorities | | 20000 | 20000 |
| 25 | 1404002 Notice Fees | | 50000 | 50000 |
| 26 | 1404004 Ownership Change Fees - Fine | | 30000 | 30000 |
| 27 | 1404009 Search Fees | | 5000 | 5000 |
| 28 | 1404011 Late Fee | | 10000 | 2000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 29 | 1404099 Other Fees | | 5000 | 5000 |
| 30 | 1405004 Market Fees | | 845000 | 845000 |
| 31 | 1405008 Receipts from Libraries | | 10000 | 10000 |
| 32 | 1405018 Wastemanagement - User Charges | | 50000 | 50000 |
| 33 | 1407001 Road Cutting Charges | | 25000 | 25000 |
| 34 | 1408001 Other Charges | | 10000 | 10000 |
| | **Total Fees and User Charges** | | **2379000** | **3058500** |
| | **Sale and Hire Charges - 150** | | | |
| 35 | 1501099 Receipts from Sale of Other Products | | 0 | 1000 |
| 36 | 1501101 Receipts from Sale of Forms | | 2000 | 2000 |
| 37 | 1501102 Receipts from Sale of Tender Forms | | 120000 | 120000 |
| 38 | 1501202 Receipts from Sale of Scrap | | 6000 | 5000 |
| 39 | 1501203 Receipts from auction of obsolete assets | | 0 | 5000 |
| 40 | 1503001 Receipts from Miscellaneous Sales | | 0 | 1000 |
| | **Total Sale and Hire Charges** | | **128000** | **134000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 41 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | | 1476400 | 1600000 |
| 42 | 1601012 Fund for Transferred Functions/ Schemes - Widow Pension | | 5107100 | 6000000 |
| 43 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | | 172800 | 200000 |
| 44 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | | 1461000 | 1500000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 45 | 1601018 Fund for Transferred Functions/ Schemes - Old Age Pension | | 14197400 | 15000000 |
| 46 | 1601023 General Purpose Fund | | 7200000 | 9002000 |
| 47 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | | 0 | 4200000 |
| | **Total Revenue Grants, Contributions and Subsidies** | | **29614700** | **37502000** |
| | **Interest Earned - 171** | | | |
| 48 | 1711001 Interest from Bank Accounts | | 85000 | 85000 |
| | **Total Interest Earned** | | **85000** | **85000** |
| | **Other Income - 180** | | | |
| 49 | 1808099 Miscellaneous Receipts | | 10000 | 8000 |
| | **Total Other Income** | | **10000** | **8000** |
| | **Rental Income - LB Properties - 130** | | | |
| 50 | 1301005 Rent from Conference Hall | | 7000 | 10000 |
| 51 | 1302002 Rent from Office Buildings | | 160000 | 200000 |
| | **Total Rental Income** | | **167000** | **210000** |
| | **Total Revenue Receipt** | | **38883700** | **48397500** |
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 52 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | | 0 | 131000 |
| 53 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the | | 0 | 158000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | PHCs | | | |
| 54 | 3201004 Central Finance Commission Grant - Tied | | 1807000 | 2000000 |
| 55 | 3201005 Central Finance Commission Grant - Untied | | 1204000 | 1500000 |
| 56 | 3201020 Intergrated Child Development Service | | 500000 | 1000000 |
| **57** | **3201035 Total Sanitation Campaign** | | **0** | **500000** |
| 58 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 12000000 | 27490500 |
| 59 | 3202001 Development Fund - General | | 8472000 | 13914000 |
| 60 | 3202002 Development Fund - Special Component Plan | | 3042000 | 3430000 |
| 61 | 3202009 Maintenance Fund - Road Assets | | 10182600 | 10990000 |
| 62 | 3202010 Maintenance Fund - Non-Road Assets | | 3279489 | 3184000 |
| 63 | 3202015 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management | | 1500000 | 0 |
| 64 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | | 2000000 | 3000000 |
| 65 | 3203001 Grant from Other Government Agencies | | 100000 | 900000 |
| 66 | 3204001 Grant from Financial Institutions | | 1200000 | 0 |
| 67 | 3208010 Beneficiary Contribution | | 200000 | 200000 |
| 68 | 3209001 Contribution to Joint Venture Projects from District Panchayat | | 2500000 | 2500000 |
| 69 | 3209002 Contribution to Joint Venture Projects from Block Panchayat | | 4582000 | 3500000 |
| | **Total Grants, Contribution for Specific Purposes** | | **52569089** | **74397500** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Deposits Received - 340** | | | |
| 70 | 3401001 Earnest Money Deposit | | 10000 | 20000 |
| 71 | 3401002 Security Deposit | | 15000 | 15000 |
| 72 | 3401003 Retention | | 50000 | 6000 |
| 73 | 3402001 Rent Deposit | | 0 | 10000 |
| 74 | 3402006 Election Deposit(Candidate) | | 100000 | 0 |
| | **Total Deposits Received** | | **175000** | **51000** |
| | **Other Liabilities - 350** | | | |
| 75 | 3501301 Employers Liabilities - Pension Contribution (NPS) | | 0 | 200000 |
| | **Total Other Liabilities** | | **0** | **200000** |
| | **Redemption - 431** | | | |
| 76 | 4315002 Receivables from Government (redemption amount) | | 2226345 | 0 |
| | **Total Redemption** | | **2226345** | **0** |
| | **Loans, Advances and Deposits - 460** | | | |
| 77 | 4601001 Festival Advance to Employees | | 100000 | 120000 |
| 78 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1100000 | 1200000 |
| | **Total Loans, Advances and Deposits** | | **1200000** | **1320000** |
| | **Total Capital Receipt** | | **56170434** | **75968500** |
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 79 | 2101001 Salaries -Secretary | | 1000000 | 2000000 |
| 80 | 2101003 Salaries - Permanent Staff | | 6200000 | 8000000 |
| 81 | 2101004 Salaries - Contract Staff | | 400000 | 500000 |
| 82 | 2101007 Salaries - Part time Contingent Staff | | 700000 | 1500000 |
| 83 | 2101101 Wages | | 350000 | 500000 |
| 84 | 2101201 Bonus | | 35000 | 50000 |
| 85 | 2101501 Festival Allowance | | 32700 | 50000 |
| 86 | 2102001 Travelling Allowances - Secretary | | 25000 | 10000 |
| 87 | 2102003 Travelling Allowances - Permanent Staff | | 50000 | 70000 |
| 88 | 2102004 Travelling Allowances - Temporary Staff | | 25000 | 10000 |
| 89 | 2102005 Travelling Allowances - Contingent Staff | | 0 | 10000 |
| 90 | 2102006 Other allowances - Secretary | | 0 | 10000 |
| 91 | 2102008 Other allowances - Permanent Staff | | 0 | 20000 |
| 92 | 2102010 Other allowances - Contingent Staff | | 25000 | 10000 |
| 93 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 1675000 | 3000000 |
| 94 | 2102016 Other Benefits and Allowances | | 40000 | 10000 |
| 95 | 2102017 Festival Allowance | | 25000 | 25000 |
| 96 | 2102018 Spectacle Allowance | | 10000 | 10000 |
| 97 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 70000 | 50000 |
| 98 | 2102020 Telephone Allowance - Secretary | | 3000 | 10000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 99 | 2102021 Telephone Allowance - Mayor/ Chairperson/ President | | 15000 | 5000 |
| 100 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 15000 | 4000 |
| 101 | 2102023 Medical Re-Imbursement -Staff | | 0 | 50000 |
| 102 | 2103007 Pension Contribution | | 500000 | 1000000 |
| 103 | 2104001 Terminal Leave Surrender | | 803465 | 0 |
| 104 | 2105099 Other Establishment Expenses | | 0 | 50000 |
| | **Total Establishment Expenses** | | **11999165** | **16954000** |
| | **Administrative Expenses - 220** | | | |
| 105 | 2201002 Land Tax/ Basic Tax | | 0 | 1000 |
| 106 | 2201101 Office Electricity Expenses | | 60000 | 100000 |
| 107 | 2201102 Water Charges - Office | | 5000 | 10000 |
| 108 | 2201104 Service Connection Charge (KSEB/ KWA) | | 0 | 25000 |
| 109 | 2201199 Other Office Maintenance Expenses | | 50000 | 300000 |
| 110 | 2201201 Telephone Expenses/ Internet Charges | | 80000 | 100000 |
| 111 | 2201202 Postage Expenses | | 30000 | 40000 |
| 112 | 2202001 Books & Periodicals | | 20000 | 25000 |
| 113 | 2202101 Printing & Stationery | | 50000 | 75000 |
| 114 | 2204002 Insurance - Vehicles | | 10480 | 20000 |
| 115 | 2205101 Miscellaneous Legal Expenses | | 25000 | 50000 |
| 116 | 2205201 Professional & Other Fees | | 10000 | 0 |
| 117 | 2206001 Newspaper Advertisement Charges | | 10000 | 10000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 118 | 2206002 Keralolsavam Expenses | | 3000 | 70000 |
| 119 | 2206101 Membership & Subscriptions | | 15000 | 30000 |
| 120 | 2208003 Grama Sabha/ Ward Sabha Expenses | | 0 | 30000 |
| 121 | 2208005 Donations And Contributions As Per Government Order | | 120000 | 100000 |
| 122 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | | 0 | 50000 |
| 123 | 2208099 Miscellaneous Administration Expenses | | 375000 | 400000 |
| 124 | 2302001 Water Charges - Street Tap | | 750000 | 1000000 |
| | **Total Administrative Expenses** | | **1613480** | **2436000** |
| | **Operation and Maintenance - 230** | | | |
| 125 | 2301001 Electricity Charges for Street Lights | | 1000000 | 800000 |
| 126 | 2301002 Fuel Charges | | 80000 | 100000 |
| 127 | 2301003 Electricity Charges of Other Buildings of LB | | 5000 | 10000 |
| 128 | 2304001 Vehicle Hire Charges | | 0 | 25000 |
| 129 | 2304099 Other Hire Charges | | 20000 | 0 |
| 130 | 2305301 Repairs & Maintenance - Vehicles | | 100000 | 100000 |
| 131 | 2305902 Repairs & Maintenance - Office Equipments | | 0 | 60000 |
| 132 | 2308010 Extra - ordinary Expenses | | 8000 | 50000 |
| 133 | 2308013 Sanitation Expenses | | 50000 | 50000 |
| 134 | 2308099 Other Operating & Maintenance Expenses | | 50000 | 70000 |
| 135 | 2308201 Refreshment Charges | | 0 | 75000 |
| | **Total Operation and Maintenance** | | **1313000** | **1340000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Interest and Finance Charges - 240** | | | |
| 136 | 2407001 Bank Charges | | 6000 | 2500 |
| | **Total Interest and Finance Charges** | | **6000** | **2500** |
| | **Programe Expenses - 250** | | | |
| 137 | 2501001 Election Expenses | | 210000 | 100000 |
| 138 | 2502001 Expenditure on Poverty Eradication Program | | 12000000 | 27490500 |
| | **Total Programe Expenses** | | **12210000** | **27590500** |
| | **Expenses Related to Productive Sector - 251** | | | |
| 139 | 2510104 Agriculture - Vegetables | | 588500 | 0 |
| 140 | 2510105 Agriculture - Plaintane | | 270000 | 0 |
| 141 | 2510111 Agriculture - Ginger | | 262000 | 0 |
| 142 | 2510112 Agriculture - Pepper | | 96600 | 0 |
| 143 | 2510132 Agriculture Related Facilities | | 400000 | 0 |
| 144 | 2510202 Animal Husbandry - Goat | | 540000 | 0 |
| 145 | 2510204 Animal Husbandry - Calf | | 780000 | 0 |
| 146 | 2510205 Animal Husbandry - Poultry | | 351050 | 0 |
| 147 | 2510209 Animal Husbandry - Infrastructure | | 100000 | 0 |
| 148 | 2510210 Animal Husbandry - Disease Control | | 20000 | 0 |
| 149 | 2510215 Protection of Animals | | 67200 | 0 |
| 150 | 2510305 Dairy Development - Milk Incentives | | 100000 | 0 |
| 151 | 2510803 Flood Relief Activities | | 410000 | 0 |
| 152 | 2510804 Environment Conservation | | 5000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 153 | 2511201 Skill Development | | 150000 | 0 |
| 154 | 2511301 Self Employment and Marketing Promotion | | 416715 | 0 |
| | **Total Expenses Related to Productive Sector** | | **4557065** | **0** |
| | **Expenses Related to Service Sector - 252** | | | |
| 155 | 2520107 Education-Related Activities | | 465000 | 0 |
| 156 | 2520109 Encourage Excellence of SC/ ST | | 937720 | 0 |
| 157 | 2520111 Contribution towards SSA | | 50000 | 0 |
| 158 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 30000 | 0 |
| 159 | 2520618 Medical Institution - Allopathy | | 2749942 | 0 |
| 160 | 2520619 Medical Institution - Ayurvedic | | 550000 | 0 |
| 161 | 2520620 Medical Institution - Homoeo | | 200000 | 0 |
| 162 | 2520701 Drinking Water - Individual | | 605000 | 0 |
| 163 | 2520702 Drinking Water - Public | | 400000 | 0 |
| 164 | 2520801 Housing & House Electrification - Individual | | 14350154 | 0 |
| 165 | 2520902 Child Welfare Program | | 13000 | 0 |
| 166 | 2520903 Women Welfare | | 150000 | 0 |
| 167 | 2520904 Welfare of the Aged | | 99200 | 0 |
| 168 | 2520905 Welfare Programs for the Destitute | | 149503 | 0 |
| 169 | 2520906 Welfare Programs for Physically/ Mentally Challenged | | 650000 | 0 |
| 170 | 2520908 Social Security Programme | | 166780 | 0 |
| 171 | 2521001 Anganwadi Nutrition | | 1100000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 172 | 2521101 Anganwadi Infrastructure | | 407489 | 0 |
| 173 | 2521201 Vocational Capacity Building - Vocational Training | | 76320 | 0 |
| 174 | 2521402 Electricity Line - Transformer - Voltage Improvement | | 15000 | 0 |
| 175 | 2521601 Local Government Service Delivery Improvement | | 137113 | 0 |
| 176 | 2521701 Allied Institution Service Delivery Improvement | | 633700 | 0 |
| 177 | 2521903 Public Sanitation - Related Activities | | 92050 | 0 |
| 178 | 2521904 Toilet (Individual) | | 402680 | 0 |
| 179 | 2522001 Plan Formulation, Implementation and Monitoring | | 200017 | 0 |
| 180 | 2522201 Disaster Management - Related Services | | 105000 | 0 |
| 181 | 2522203 Draught relief related activities | | 165000 | 0 |
| 182 | 2522303 Solid Waste Management - Preparatory Activities | | 17000 | 0 |
| 183 | 2522304 Solid Waste Management - Classification | | 600000 | 0 |
| 184 | 2522305 Solid Waste Management - Collection and Transportation | | 399450 | 0 |
| 185 | 2522310 Solid Waste Management - Disposal | | 100000 | 0 |
| 186 | 2522311 Solid Waste Management - Integrated Projects | | 924024 | 0 |
| 187 | 2522314 Solid Waste Management - Processing Individual | | 538615 | 0 |
| 188 | 2522601 Repayment of Consolidated Fund | | 20000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 189 | 2522901 Contribution to make District Plan | | 50000 | 0 |
| 190 | 2523201 Information and Knowledge Dissemination Capacity Development | | 5000 | 0 |
| | **Total Expenses Related to Service Sector** | | **27554757** | **0** |
| | **Expenses Related to Infrastructure Sector - 253** | | | |
| 191 | 2530101 Street Lights | | 420000 | 0 |
| 192 | 2530201 Roads | | 8001660 | 0 |
| 193 | 2530202 Lanes | | 104857 | 0 |
| 194 | 2530301 Public Buildings - Local Government Office Building | | 5061 | 0 |
| 195 | 2530402 Other Constructions - Side Walls | | 127670 | 0 |
| 196 | 2530501 Vehicle Rent for Engineering Wing | | 144815 | 0 |
| | **Total Expenses Related to Infrastructure Sector** | | **8804063** | **0** |
| | **Expenses related to State Sponsored Schemes - 254** | | | |
| 197 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person | | 0 | 1500000 |
| 198 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | | 1476400 | 1600000 |
| 199 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | | 5107100 | 6000000 |
| 200 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | | 172800 | 200000 |
| 201 | 2540115 Programmes/ Expenditures of Transferred | | 1461000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | Functions/ Schemes - Pension for Differentially Abled | | | |
| 202 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | | 14197400 | 15000000 |
| 203 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | | 0 | 4200000 |
| | **Total Expenses related to State Sponsored Schemes** | | **22414700** | **28500000** |
| | **Total Revenue Expenditure** | | **90472230** | **76823000** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 204 | 3401001 Earnest Money Deposit | | 10000 | 20000 |
| 205 | 3401002 Security Deposit | | 15000 | 15000 |
| 206 | 3401003 Retention | | 50000 | 6000 |
| 207 | 3402001 Rent Deposit | | 0 | 10000 |
| 208 | 3402006 Election Deposit(Candidate) | | 100000 | 100000 |
| | **Total Refund of Deposits** | | **175000** | **151000** |
| | **Payment of Recoveries - 350** | | | |
| 209 | 3501102 Net Salary Payable | | 469237 | 0 |
| 210 | 3501116 Pension Contribution Payable | | 0 | 1000000 |
| 211 | 3501301 Employers Liabilities - Pension Contribution (NPS) | | 21527 | 400000 |
| 212 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | | 66177 | 800000 |
| 213 | 3502006 Recoveries Payable - Insurance Premium | | 5250 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 214 | 3502012 Recoveries Payable - State Life Insurance | | 9550 | 0 |
| 215 | 3502014 Recoveries Payable - Group Insurance | | 10000 | 0 |
| 216 | 3502018 Recoveries Payable-Audit Recovery | | 0 | 50000 |
| 217 | 3502020 Recoveries Payable - Employee Share NPS | | 21527 | 0 |
| 218 | 3502022 Recoveries Payable -Medisep -Regular | | 6500 | 0 |
| 219 | 3502025 Recoveries Payable - Income Tax Deducted at Source | | 355 | 0 |
| 220 | 3503001 Government and Other Dues Payable - Library Cess Payable | | 425504 | 0 |
| 221 | 3503008 Government and Other Dues Payable - CGST | | 76996 | 0 |
| 222 | 3503009 Government and Other Dues Payable - SGST | | 76996 | 0 |
| 223 | 3504010 Refund Payable - Other Fees | | 2190 | 0 |
| | **Total Payment of Recoveries** | | **1191809** | **2250000** |
| | **Fixed Assets - 410** | | | |
| 224 | 4102002 Administrative Buildings | | 224175 | 0 |
| 225 | 4102016 Other Buildings | | 1443000 | 0 |
| 226 | 4103001 Concrete Roads | | 1688443 | 0 |
| 227 | 4103004 Footpath | | 195622 | 0 |
| 228 | 4103012 Side Walls | | 1889660 | 0 |
| 229 | 4103102 Drainage | | 623923 | 0 |
| 230 | 4103302 Street Light | | 1002000 | 0 |
| 231 | 4106002 Computers, Printers & Peripherals | | 465990 | 0 |
| 232 | 4108001 Other Fixed Assets | | 813500 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Total Fixed Assets** | | **8346313** | **0** |
| | **Stock in Hand - 430** | | | |
| 233 | 4301002 Purchase of Material - Stores | | 1060000 | 0 |
| | **Total Stock in Hand** | | **1060000** | **0** |
| | **Loans, Advances and Deposits - 460** | | | |
| 234 | 4601001 Festival Advance to Employees | | 100000 | 200000 |
| 235 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1100000 | 1100000 |
| 236 | 4605099 Advance to Others | | 50000 | 50000 |
| | **Total Loans, Advances and Deposits** | | **1250000** | **1350000** |
| | **Total Capital Expenditure** | | **12023122** | **3751000** |
| | **Total Expenditure** | | **102495352** | **80574000** |
| | **Total Receipts** | | **95054134** | **124366000** |
| | **Balance** | | **6943577** | **51095499** |

| | | | |
|---|---|---|---|
| | പദ്ധതി ചെലവുകൾ | | |
| | **ഉൽപാദനമേഖല** | | |
| 1 | പച്ചക്കറികൃഷി | 500000 | |
| 2 | ഇഞ്ചികൃഷി | 300000 | |
| 3 | കുരുമുളക് കൃഷി | 100000 | |
| 4 | തെങ്ങ്കൃഷി | 400000 | |
| 5 | വാഴകൃഷി | 300000 | |
| 6 | പുഷ്പകൃഷി | 50000 | |
| 7 | കാർഷികവിപണനം | 300000 | |
| 8 | കൃഷി അനുബന്ധ സൌകര്യങ്ങൾ | 300000 | |
| 9 | ജൈവവേലി നിർമ്മാണം , ഫെൻസിംഗ് | 600000 | |
| 10 | തരിശുഭൂമി കൃഷി യോഗ്യമാക്കൽ | 200000 | |
| 11 | അംഗൻവാടികളിൽ പച്ചക്കറിത്തോട്ടം | 100000 | |
| 12 | പരിസ്ഥിതിസംരക്ഷണം, മണ്ണ്സംരക്ഷണം ജലസംരക്ഷണം | 700000 | |
| 13 | വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ | 200000 | |
| 14 | മൃഗസംരക്ഷണം – തൊഴുത്ത് നിർമ്മാണം | 100000 | |
| 15 | മൃഗസംരക്ഷണം –രോഗനിയന്ത്രണം,മരുന്ന് വാങ്ങൽ | 200000 | |
| 16 | ആട്ടുവളർത്തൽ | 600000 | |
| 17 | പശുവളർത്തൽ | 600000 | |
| 18 | മുട്ടക്കോഴി / താറാവ് വളർത്തൽ | 500000 | |
| 19 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 100000 | |
| 20 | ക്ഷീരവികസനം –തീറ്റപ്പുൽകൃഷി | 200000 | |

| | | | |
|---|---|---|---|
| 21 | നൈപുണ്യ വികസനം തൊഴിൽ പരിശീലനം സേവന സംരഭങ്ങൾ | 400000 | |
| 22 | സൌരോർജ്ജ പദ്ധതികൾ – സോളാർ പാനൽ സ്ഥാപിക്കൽ | 800000 | |
| 23 | മൽസ്യകൃഷി | 100000 | |
| | **ആകെ ഉൽപാദനമേഖല** | 7650000 | 7650000 |
| | **സേവനമേഖല** | | |
| 24 | അലോപ്പതി –മരുന്ന് വാങ്ങൽ | 600000 | |
| 25 | ആയുർവദം –മരുന്ന് വാങ്ങൽ | 600000 | |
| 26 | ഹോമിയോ– മരുന്ന് വാങ്ങൽ | 300000 | |
| 27 | പി എച്ച് ,സി അധിക സൌകര്യങ്ങൾ, OP യിലേക്ക് ഫർണിച്ചർ | 1000000 | |
| 28 | രോഗപ്രതിരോധ ക്യാമ്പുകൾ | 100000 | |
| 29 | സാന്ത്വനം –പാലിയേറ്റീവ് കെയർ | 1000000 | |
| 30 | അംഗൻവാടി പോഷകാഹാര പരിപാടി | 1500000 | |
| 31 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായം | 700000 | |
| 32 | അംഗൻവാടി അടിസ്ഥാന സൌകര്യങ്ങൾ | 800000 | |
| 33 | അംഗൻവാടി കുട്ടികൾക്ക് കളിയുപകരണങ്ങൾ | 200000 | |
| 34 | ഭവനനിർമ്മാണം | 6000000 | |
| 35 | ഭവനപുനരുദ്ധാരണം | 2500000 | |
| 36 | ടോയ് ലെറ്റ് മെയിന്റനൻസ് | 300000 | |
| 37 | തുറസായ കിണറുകൾ ശുചിത്വകിണറാക്കി മാറ്റൽ | 200000 | |
| 38 | മാലിന്യസംസ്കരണം ബിന്നുകൾ സ്ഥാപിക്കൽ | 500000 | |
| 39 | മാലിന്യസംസ്കരണം –ക്യാമറ സ്ഥാപിക്കൽ | 500000 | |

| | | | |
|---|---|---|---|
| 40 | MCF ലേക്ക് അധിക സൌകര്യങ്ങൾ ഒരുക്കൽ | 400000 | |
| 41 | IKM വിഹിതം നൽകൽ | 100000 | |
| 42 | പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ | 200000 | |
| 43 | ISO സർട്ടിഫിക്കേഷൻ ചെലവുകൾ | 150000 | |
| 44 | S S A പഞ്ചായത്ത് വിഹിതം | 100000 | |
| 45 | അഗതിക്ഷേമ  പദ്ധതികൾ | 300000 | |
| 46 | വയോജന ക്ഷേമപദ്ധതികൾ | 500000 | |
| 47 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 500000 | |
| 48 | ഹരിതകർമ്മസേനയ്ക്ക് സഹായം | 150000 | |
| 49 | സ്പോർട്സ് , യുവജനക്ഷേമം | 100000 | |
| 50 | Easy Kitchen( അടുക്കള നവീകരണം) | 300000 | |
| 51 | ക്ലീൻ കേരള കമ്പനിക്ക്  തുക നൽകൽ | 150000 | |
| 52 | പഞ്ചായത്ത് ഓഫീസിൽ കംപ്യൂട്ടർ, പ്രിന്റർ, ഫോട്ടാസ്റ്റാറ്റ് | 500000 | |
| 53 | പഞ്ചായത്ത് ഓഫീസ് റീവയറിംഗ് നെറ്റ് വർക്കിംഗ്, റിക്കാർഡ് റൂം | 1000000 | |
| 54 | എ. ബി സി പ്രോഗ്രാം | 100000 | |
| 55 | പഞ്ചായത്തിലേക്ക്  പുതിയ വാട്ടർ ടാങ്ക് | 75000 | |
| 56 | SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | |
| 57 | SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 400000 | |
| 58 | കേരളോത്സവം | 50000 | |
| 59 | വേനൽക്കാലത്ത് കുടിവെള്ള വിതരണം | 400000 | |
| 60 | PSC പരീക്ഷ പരിശീലനം | 100000 | |
| 61 | ഘടകസ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ | 500000 | |

| | | | |
|---|---|---|---|
| 62 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടക ചെലവുകൾ | 400000 | |
| 63 | അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി 2.0 | 300000 | |
| 64 | പൊതുശൌചാലയ നിർമ്മാണം | 500000 | |
| 65 | പഞ്ചായത്തിന്റെ പൊതു ആവശ്യങ്ങൾക്കുവേണ്ടി വസ്തു വാങ്ങൽ | 600000 | |
| 66 | യുവജനക്ഷേമം– പൊതുകളിസ്ഥലം വസ്തുവാങ്ങലും നിർമ്മാണവും | 600000 | |
| | ആകെ സേവനമേഖല | 25775000 | 25775000 |
| | **പശ്ചാത്തലമേഖല** | | |
| 67 | റോഡുകൾ , പാതകൾ കോൺക്രീറ്റിംഗ് / മെയിന്റനൻസ് / സൈഡ് കെട്ട് / ഓടനിർമ്മാണം | 13500000 | |
| 68 | പഞ്ചായത്ത് / ഘടകസ്ഥാപനങ്ങളുടെ  മെയിന്റനൻസ് | 1000000 | |
| 69 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – പ്രാഥമിക ചെലവുകൾ | 200000 | |
| 70 | സ്ട്രീറ്റ് മെയിന്റനൻസ് – സാമഗ്രികൾ വാങ്ങലും ലേബർ ചാർജ്ജും | 600000 | |
| | ആകെ പശ്ചാത്തലമേഖല | 15300000 | 15300000 |
| | **ആകെ പദ്ധതി ചെലവുകൾ** | | 48725000 |